മുതിർന്നവർക്കുള്ള ശബ്ബത്ത് സ്കൂൾ പാഠങ്ങൾ

# “എന്റെ ആടുകളെ പാലിക

(1 & 2 പത്രൊസ്)

റോബർട്ട് കെ മെക്ളെവർ

## 2–ാം ക്വാർട്ടർ

(എപ്രിൽ, മെയ്, ജൂൺ)

2017

വിവർത്തനം: വിൻസെന്റ് ഫ്രാൻസീസ്

# ഉള്ളടക്കം

1. പത്രോസിന്റെ വ്യക്തിത്വം - മാർച്ച് 25-31 ........ 4

2. ദുഷിക്കാത്ത ഒരു അനന്തരാവകാശം - ഏപ്രിൽ 1-7 ........ 12

3. ഒരു രാജകീയ പുരോഹിതവർഗ്ഗം - ഏപ്രിൽ 8-14 ........ 20

4. സാമൂഹ്യ ബന്ധങ്ങൾ - ഏപ്രിൽ 15-21 ........ 28

5. ദൈവത്തിനായി ജീവിക്കുന്നു. - ഏപ്രിൽ 22-28 ........ 36

6. ക്രിസ്തുവിനായി യാതന അനുഭവിക്കുന്നു - ഏപ്രിൽ 29 മേയ് 5 ........ 44

7. ദാസ നേതൃത്വം - മേയ് 6-12 ........ 52

8. യേശു പത്രോസിന്റെ എഴുത്തുകളിൽ - മേയ് 13-19 ........ 60

9. നിങ്ങൾ ആരാണോ അതായിരിക്കുക - മേയ് 20-26 ........ 68

10. തിരുവെഴുത്തും പ്രവചനവും -മേയ് 27-ജൂൺ 2 ........ 76

11. വ്യജ ഗുരുക്കന്മാർ - ജൂൺ 3-9 ........ 84

12. കർത്താവിന്റെ ദിവസം - ജൂൺ 10-16 ........ 92

13. 1-ഉം 2- ഉം പത്രോസിലെ മുഖ്യ പ്രതിപാദ്യം - ജൂൺ 17-23 ........ 101

# ആടുകളെ പാലിക്കുന്നു

ഈ ക്വാർട്ടറിൽ നമ്മുടെ പഠനം വിശുദ്ധ പത്രൊസ് എഴുതിയ ഒന്നും രണ്ടും ലേഖനങ്ങൾ ആയതിനാൽ യേശുവിനോടൊത്ത് അവന്റെ ശുശ്രൂഷയിലെ പ്രധാന നിമിഷങ്ങളിലെല്ലാം കൂടെയുണ്ടായിരുന്ന ഒരു വ്യക്തിയുടെ വാക്കുകൾ നാം വായിക്കുകയാണ്. ആദ്യകാല ക്രിസ്ത്യാനികളുടെയിടയിൽ ഒരു മുൻനിര നേതാവും ആയിത്തീർന്നു പത്രൊസ്. ഈ വസ്തുതകൾ തന്നെ അവന്റെ എഴുത്തുകൾ വായിക്കുന്നത് മൂല്യമുള്ളതാക്കും. എന്നാൽ ഈ എഴുത്തുകൾ കൂടുതൽ രസകരമാക്കുന്നത് അവ പ്രയാസങ്ങൾ നേരിടുന്ന സഭകൾക്ക് എഴുതിയതാണ് എന്നതാണ്: അവർ പുറത്തുനിന്നുള്ള പീഡനവും അകമേ നിന്നുള്ള വ്യാജ ഗുരുക്കന്മാരുടെ അപകടവും നേരിട്ടു.

ഈ വ്യാജ ഗുരുക്കന്മാർ പ്രോത്സാഹിപ്പിക്കുന്ന കാര്യങ്ങളിൽ യേശുവിന്റെ രണ്ടാം വരവിനെക്കുറിച്ചുള്ള സംശയമാണ് പത്രൊസ് താക്കീത് ചെയ്യുന്നത്. “അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ? എന്ന് അവർ പറയും,“കാരണം പിതാക്കന്മാർ നിദ്രകൊണ്ടശേഷം സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെതന്നെ ഇരിക്കുന്നുവല്ലോ” (2 പത്രൊസ് 3:4). ഇന്ന്, ഏകദേശം 2000 വർഷങ്ങൾക്കുശേഷം, ആ ആരോപണത്തിന്റെ യാഥാർത്ഥ്യം നമുക്കറിയാം, ഇല്ലേ?

വ്യാജ ഗുരുക്കന്മാരുടെ താക്കീതിനു പുറമെ, നിരവധി തവണ ഈ ലേഖനങ്ങളിൽ പരാമർശിക്കുന്ന ഒരു വിഷയമാണ് സഭകൾ അനുഭവിച്ച കഷ്ടപ്പാടുകൾ. അവൻ ക്രൂശിൽ മരിച്ചപ്പോൾ നമ്മുടെ പാപങ്ങൾ അവന്റെ ശരീരത്തിലേറ്റിയ യേശുവിന്റെ കഷ്ടപ്പാടിന്റെ ഒരു പ്രതിഫലനമാണ് സഭയുടെ കഷ്ടപ്പാടുകൾ എന്നവൻ പറയുന്നു. (1 പത്രൊസ് 2:24). സുവാർത്ത എന്തെന്നാൽ, യേശുവിന്റെ മരണം പാപത്താൽ ഉണ്ടാക്കപ്പെട്ട നിത്യമരണത്തിൽ നിന്നുള്ള സ്വാതന്ത്ര്യവും അവനിൽ വിശ്വസിക്കുന്നവർക്ക് ഇവിടെ ഒരു നീതിയായ ജീവിതവും നൽകുന്നുവെന്നതാണ് (1 പത്രൊസ് 2:24).

യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുക മാത്രമല്ല, പിന്നെയോ തിരികെ ഭൂമിയിൽ വരികയും ദൈവത്തിന്റെ ന്യായവിധി കൊണ്ടുവരികയും ചെയ്യും (2 പത്രൊസ് 3: 10–12). ന്യായവിധിയുടെ സാദ്ധ്യത ഒരു വിശ്വാസിയുടെ ജീവിതത്തിൽ പ്രധാനമായ പ്രായോഗിക ഉൾപ്പെടുത്തൽ ഉണ്ടാകും എന്ന വസ്തുത അവർ ഊന്നിപ്പറയുന്നു. യേശു തിരികെ വരുമ്പോൾ അവൻ പാപത്തെ നശിപ്പിക്കുകയും ഭൂമിയെ അഗ്നിയാൽ ശുദ്ധമാക്കുകയും ചെയ്യും (2 പത്രൊസ് 3:7). അപ്പോൾ ക്രിസ്ത്യാനികൾക്കു ദൈവം അവർക്കായി സ്വർഗ്ഗത്തിൽ കരുതിവച്ച അനന്തരാവകാശം ലഭിക്കും (1 പത്രൊസ് 1:4).

ക്രിസ്ത്യാനികൾ എങ്ങനെ ജീവിക്കണം എന്നതിനെക്കുറിച്ച് പത്രൊസിന് വളരെ പ്രായോഗിക വാക്കുകളുണ്ട്. ഏറ്റവും ഒന്നാമതായി ക്രിസ്ത്യാനികൾ അന്യോന്യം സ്നേഹിക്കണം (1 പത്രൊസ് 4:8). അവൻ അവന്റെ വീക്ഷണത്തെ രത്നച്ചുരുക്കമായി ഇങ്ങനെ പറയുന്നു: “തീർച്ചയ്ക്ക് എല്ലാവരും ഐകമത്യവും, സഹതാപവും. സഹോദര പ്രീതിയും, മനസ്സലിവും, വിനയബുദ്ധിയുള്ളവരും ആയിരിപ്പിൻ” (1 പത്രൊസ് 3:8).

പത്രൊസിന്റെ ലേഖനങ്ങൾ സുവിശേഷത്തിന്റെ തീക്ഷ്ണമായ ഒരു പ്രഖ്യാപനം കൂടിയാണ്, സമ്പൂർണ്ണ ബൈബിളിന്റെ കേന്ദ്ര ദൂത്. എന്തായാലും കർത്താവിന്റെ രക്ഷാകരമായ കൃപ ആർക്കെങ്കിലും അറിയുമെങ്കിൽ, അത് പത്രൊസിനാണ്. അവന്റെ കർത്താവിനെ പരസ്യമായും തീർത്തും ബുദ്ധികെട്ടവനുമായ (ശപിച്ചു കൊണ്ട്) രീതിയിൽ "ആ മനുഷ്യനെ ഞാൻ അറിയുന്നില്ല"(മത്തായി 26:74). എന്നു പറഞ്ഞവനായ ഇതേ പത്രൊസിനോടാണ് പിന്നീട് യേശു പറഞ്ഞത്: "എന്റെ ആടു കളെ മേയ്ക്ക" (യോഹന്നാൻ 21:17) എന്ന്. ഈ രണ്ട് ലേഖനങ്ങളിലും പത്രൊസ് പറഞ്ഞിരിക്കുന്നത്-ആടുകളെ മേയ്ക്കുന്നത് ചെയ്യുന്നതിന്റെ ഉദാഹരണങ്ങളാണ്.

കുടാതെ, നിശ്ചയമായും ആ മേയ്ക്കലിന്റെ ഏതു ഭാഗത്തും രക്ഷയുടെ വലിയ സത്യമായ ക്രിസ്തുവിലുള്ള വിശ്വാസം ഉൾപ്പെടും, അവന്റെ സഹപ്രവർത്തകനായ അപ്പൊസ്തലനായ പൗലൊസ് വളരെ ശക്തമായി പ്രഖ്യാപിച്ച കേന്ദ്ര ആശയം. ഇതു ദൈവത്തിന്റെ കൃപയുടെ സത്യമാണ്. പത്രൊസിന് ഇതറിയാമായിരുന്നത് സൈദ്ധാന്തികമായി മാത്രമോ, അല്ലെങ്കിൽ ഒരു തത്വസംഹിതയായി മാത്രമോ അല്ല, പിന്നെയോ ആ കൃപയുടെ യാഥാർത്ഥ്യവും ശക്തിയും അവൻ സ്വയം അറിഞ്ഞിട്ടു ള്ളതാണ്.

മാർട്ടിൻ ലൂഥർ പത്രൊസിനെക്കുറിച്ചുള്ള കമന്ററിയിൽ എഴുതിയതുപോലെ: "പത്രൊസിന്റെ ലേഖനം പുതിയ നിയമത്തിലെ ശ്രേഷ്ഠമായ പുസ്തകങ്ങളിലൊ ന്നാണ്, അത് സത്യവും ശുദ്ധവുമായ സുവിശേഷവുമാണ്. നമ്മുടെ പാപം നീക്കി നമ്മെ രക്ഷിക്കുന്ന ക്രിസ്തുവിനെ നമുക്ക് എങ്ങനെ നൽകപ്പെട്ടു എന്ന സത്യമായ വിശ്വാസപ്രമാണം അപ്പൊസ്തലനായ പൗലൊസും മറ്റു സുവിശേഷകരും ഉൾപ്പെ ടുത്തിയതുപോലെ തന്നെ പത്രൊസും ചെയ്യുന്നു". Commentory on the Epistle or Peter and Jude (Grand Rapids: Kregel Publications,1982) PP 2,3.

അവന്റെ ആടുകളെ മേയ്ക്കാൻ യേശു പത്രൊസിനോട് പറഞ്ഞു. ആ ആടുകൾ ക്കിടയിൽ നാമുണ്ട്. നമുക്ക് ഭക്ഷിക്കാം (മേയാം).

ന്യൂസിലാന്റിൽ ജനിച്ചുവളർന്ന റോബർട്ട് കെ. മാസ്റ്റർ, തന്റെ വേലയുടെ ഭൂരി ഭാഗവും Avondale കോളജിൽ പഠിപ്പിച്ചു. നിരവധി പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.

✪ ✪ ✪ ✪